**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1550** **19-09-2025 - ൽ മറുപടിയ്ക്ക്**

**തൊഴിൽ വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | തൊഴിൽ വകുപ്പ് ദേവികുളം മണ്ഡലത്തിൽ മൂന്നാർ ലേബർ കോംപ്ലെക്സ് നിർമ്മാണം നടപ്പിലാക്കിയിട്ടുണ്ട്. തോട്ടം മേഖലയിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് തൊഴിലാളികളുടെ പരാതികൾ നിർഭയമായും എളുപ്പത്തിലും അധികാരികളുടെ സമക്ഷം എത്തിക്കുന്നതിനും, തൊഴിൽ നിയമങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും, തോട്ടം തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും തൊഴിൽ വകുപ്പിനു കീഴിലുള്ള മൂന്നാർ ഡെപ്യൂട്ടി ലേബർ ഓഫീസ്, മൂന്നാർ പ്ലാന്റേഷൻ ഇൻസ്പെക്ടറുടെ കാര്യാലയം, മൂന്നാർ അസിസ്റ്റന്റ് ലേബർ ഓഫീസ് എന്നീ ഓഫീസുകളുടെ പ്രവർത്തനങ്ങൾ ഒരുസ്ഥലത്തേയ്ക്ക് കേന്ദ്രീകരിക്കേണ്ടതുണ്ട്. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി മൂന്നാറിൽ ലേബർ കോംപ്ലക്സ് നിർമ്മിക്കാൻ കഴിഞ്ഞു.<br><br>ഇടുക്കി ജില്ലയിലെ ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് കൂടുതൽ ചികിത്സാ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി കണ്ണൻ ദേവൻ ഹിൽസ് ഇ.എസ്.ഐ ഡിസ്പെൻസറി ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിനു കീഴിൽ മൂന്നാറിൽ പ്രവർത്തനം ആരംഭിച്ചു. |

സെക്ഷൻ ഓഫീസർ